സാക്ഷ്യപത്രവും ഭൗതിക പുരോഗതി റിപ്പോർട്ടും സമർപ്പിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പ് തലവന്മാരിൽ നിന്നും പ്രസ്തുത സാക്ഷ്യപത്രങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് അവ അയച്ചുകൊടുത്ത് സംസ്ഥാനത്തിന് അർഹതപ്പെട്ട ഗ്രാന്റ് നേടിയെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഗാഡ്ഗിൽ-മുഖർജി ഫോർമുല പ്രകാരമുള്ള ധനസഹായം തവണകളായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേന്ദ്ര സഹായം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതനുസരിച്ച് മുൻകൂറായും സംസ്ഥാന സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്നു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം നൽകുന്നതിന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര വായ്പയിനത്തിൽ 31-3-2014-ലെ കടബാധ്യതയായ 2298 കോടി രൂപ എഴുതിത്തള്ളണമെന്ന് കേന്ദ്ര ധനകാര്യ മന്ത്രിക്ക് മുഖ്യമന്ത്രി നൽകിയ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

സേവനങ്ങളുടെ ഫീസ് വർദ്ധന

130 (470) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകൾക്ക് കീഴിൽ നൽകുന്ന സേവനങ്ങളുടെ യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) നിലവിലുള്ള ചാർജ്ജുകളുടെ എത്ര ശതമാനം വീതം വർദ്ധിപ്പിച്ചിട്ടുണ്ട് ; പ്രസ്തുത വർദ്ധന എന്നു മുതൽ നിലവിൽ വരികയുണ്ടായി ;

(സി) തന്നാണ്ടിലെ ബഡ്ജറ്റിൽ റവന്യൂ റസീറ്റ്സ് (ഹെഡ് ഓഫ് അക്കൗണ്ട് 0051 മുതൽ 1475 വരെ) പ്രതീക്ഷിച്ചത് എത്ര കോടി ആയിരുന്നു ; നിവിഷനോടുകൂടി ഇത് തന്നാണ്ടിന് എത്ര കോടിയായി വർദ്ധിക്കും ;

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ പുതുക്കിയ നിരക്കിൽ ലഭിക്കുന്ന റവന്യൂ റസീറ്റ്സ് എത്ര കോടിയായിരിക്കും ; 2014-15-ൽ പ്രതീക്ഷിക്കുന്നതിനേക്കാൾ എത്ര ശതമാനം 2015-16-ൽ പ്രതീക്ഷിക്കാമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 10 രൂപ വരെ ഈടാക്കുന്ന സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. 10-ന് മുകളിൽ 1,000 രൂപ വരെ 50%വും 1000 ന് മുകളിൽ 10000 വരെ 25% വും 10000 ന് മുകളിൽ ഉള്ളവയ്ക്ക് 15% വും ആണ് 23-9-2014-ലെ ജി.ഒ.(പി) നം 409/14/ധന ഉത്തരവ് പ്രകാരം വർദ്ധനവ് വരുത്തിയിട്ടുള്ളത്. നിരക്ക് വർദ്ധന 1-10-2014 മുതൽ നിലവിൽ വന്നു.

(സി) 2014-15-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 6012.0723 കോടി രൂപ ഈ ഇനത്തിൽ പ്രതീക്ഷിച്ചിരുന്നു. റിവിഷനോട് കൂടി ഒരു സാമ്പത്തിക വർഷം 350 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ആയതിന് ആനുപാതികമായി 6187.07 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നത്.

(ഡി) 2015-16-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറായാൽ മാത്രമേ ആയത് വ്യക്തമാക്കാൻ സാധിക്കൂ.

ശ്രീ. എ. റ്റി. സ്റ്റീഫൻ (റിട്ട. എച്ച്. എം.) ന്റെ പ്രൊമോഷൻ ശമ്പള നിർണ്ണയത്തിലെ അപാകത

131 (471) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിലെ പാവറട്ടി സെന്റ് ജോസഫ് എച്ച്.എസ്.എസിലെ അദ്ധ്യാപകൻ ശ്രീ. എ. റ്റി. സ്റ്റീഫൻ (റിട്ട.എച്ച്.എം)ന്റെ പ്രൊമോഷൻ ശമ്പള നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ (ഫയൽ നമ്പർ 81925/എഡ്യു.എ 3/13/ ധനകാര്യ വകുപ്പ്) സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?